DESPATCHED
On 22/06/2020

29/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.2158(4)/2012/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം. 13657/*എസ്.ഐ.സി–ജി 2/2012*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ **കമ്മീഷണർ**

| | |
|---|---|
| ശ്രീ. അഭയൻ. പി.ജി,<br>പാലത്തടത്തിൽ വീട്,<br>ഇലവുംതിട്ട പി.ഒ,<br>നെടിയകാല, പത്തനംതിട്ട – 689 625. | **അപ്പീൽ ഹർജിക്കാരൻ** |
| Vs | |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഡി.വൈ.എസ്.പി. ഓഫീസ്,<br>തൊടുപുഴ, ഇടുക്കി ജില്ല.<br><br>2. അപ്പീൽ അധികാരി,<br>ഡി.വൈ.എസ്.പി. ഓഫീസ്,<br>തൊടുപുഴ, ഇടുക്കി ജില്ല. | **എതിർകക്ഷികൾ** |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷ (02.07.2012) യിൽ തൊടുപുഴ ഡി.വൈ.എസ്.പി, സി.ഐ, എസ്.ഐ ഓഫീസുകളിലെ പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച ഒമ്പതിന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് മറുപടി

ലഭിച്ചില്ല എന്നതാണ് പരാതി. വൈകി ലഭിച്ച മറുപടിയിലാകട്ടെ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ തൊടുപുഴ ഡി.വൈ. എസ്.പി ഓഫീസിൽ നിന്ന് നേരിട്ടു കൈപ്പറ്റാവുന്നതാണെന്നായിരുന്നു.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം ഒന്നാം എതിർകക്ഷി 04.12.2012 ന് റിപ്പോർട്ട് സമർപ്പിച്ചു. അതിൽ പറയുന്നത് വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി കൈപ്പറ്റണമെന്നാവശ്യപ്പെട്ട് 23.01.2012 ൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അപേക്ഷകനെ അറിയിച്ചിരുന്നുവെങ്കിലും, ടിയാന്റെ ഭാഗത്തു നിന്ന് യാതൊരു പ്രതികരണവും ലഭിക്കായ്കയാൽ, തയ്യാറാക്കിയ മറുപടി 25.01.2012 ൽ രജിസ്ട്രേഡ് തപാലിൽ അയച്ചു നൽകിയിട്ടുള്ളതാണെന്നാണ്. മറ്റ് നാല് അപേക്ഷകൾക്കും സമാനമായ രീതിയിൽ മറുപടി നൽകിയിട്ടുള്ളതാണെന്ന് ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നു.

3. എന്നാൽ 09.08.2012 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമപരമല്ല എന്ന കാര്യം ടിയാനെ കമ്മീഷൻ ഓർമപ്പെടുത്തുകയാണ്. മറുപടി തയ്യാറാക്കിക്കഴിഞ്ഞതാണെങ്കിൽ, ആയത് അപേക്ഷന് തപാൽ മാർഗം (ഓർഡിനറി പോസ്റ്റ്) അയച്ചുകൊടുക്കേണ്ട കാര്യമേയുള്ളൂ. അതിനു പകരം തയ്യാറാക്കിയ മറുപടി കൈപ്പറ്റാൻ നേരിട്ട് ഓഫീസിലെത്തണം എന്ന് നിർദേശിക്കാൻ എസ്.പി.ഐ.ഒ എന്ന നിലയിൽ ഒന്നാം എതിർകക്ഷിക്ക് അധികാരമില്ല. അപേക്ഷകൻ ആവശ്യപ്പെടുന്ന വിവരങ്ങൾ അത്രയേറെ ബൃഹത്താണെങ്കിൽ, ആയത് നേരിട്ടെത്തി പരിശോധിക്കാൻ അപേ

ക്ഷകനോട് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇവിടെ അങ്ങനെയല്ല സംഭവിച്ചിട്ടുള്ളത്.

4. തൽക്കാലം കമ്മീഷൻ ഇതിന്മേൽ നടപടിയെടുക്കുന്നില്ല. എന്നാൽ വിവരാവകാശ അപേക്ഷകൾക്കു മറുപടി നൽകുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത കാട്ടണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയെ ഓർമപ്പെടുത്തുന്നു.

5. ഏതായാലും, അപേക്ഷകന് ഇതിനകം വിവരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന നിഗമനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 29.02.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re